2025 സെപ്റ്റംബർ ലക്കം 53

# ഇതളുകൾ

eMagazine



# ഇതളുകൾ
# വിരിയുമ്പോൾ



ഡോ.സത്യൻ പൂക്കുട്ടത്ത്
ചീഫ് എഡിറ്റർ
ഇതളുകൾ



കവർ ചിത്രം
സ്വപ്ന വാസുദേവ്

02 ഇതളുകൾ വിരിയുമ്പോൾ

03 വേദനകളുടെ കഥ
എം. കെ. ഭാസി (കവിത)

04 വാങ്മയം
നന്ദിനി രാജീവ്(കവിത)

05 ഗോപി
നിധീഷ് പ്രേംകുമാർ (കഥ)

09 മാമോദീസ
സോയ നായർ (കവിത)

10 ബാക്കിയാകുന്നവർ
ഡോ. ഇന്ദുലാൽ ജി (കവിത)

11 പാചകം Simple Aloo Prata
മൃദുല ജയചന്ദ്രൻ

12 അറിവിന്റെ ക്രൂരത
രാധാകൃഷ്ണൻ എം വി (കവിത)

13 കരി
നിബിൻ കള്ളിക്കാട് (കവിത)

14 വീടില്ലാത്തൊരമ്മ
അലി പൊന്നാനി (കവിത)

**Design & Layout**

emerge INFOTECH
www.emergeinfotech.com


Please visit www.sgmalayalees.com
for your free online copies of Ithalukal

The articles of Ithalukal are the visions and expressions of authors only. We respect your valuable feedback and inviting genuine creations/ articles for the next edition. Kindly email to Ithalukal: editors@sgmalayalees.com

കവിത

# വേദനകളുടെ കഥ





എം. കെ. ഭാസി

കണ്ണുനീരിൻ നനവുപുരണ്ട നിൻ
കണ്ണു പൂനിലാവുമ്മ വച്ചീടവേ,
നീറിനീറിദ്ദഹിക്കുന്ന  നിന്നിളം
കരളിലൂറുന്ന വേദനയൊപ്പുവാൻ
ദേവദൂതനല്ലെങ്കിലും വീണ തൻ
തന്ത്രിമീട്ടുമെൻ കൈകൾ നീളുന്നിതാ.
നീലമാമലത്താഴ് വരത്തോപ്പുകൾ
നീളെയും പൂവണിഞ്ഞൊരീ വേളയിൽ
ദുഃഖസത്യങ്ങളോർത്തുനീ പിന്നെയും
വിങ്ങിവിങ്ങിക്കരയാതിരിക്കുമോ

കൂരിരുൾ  മറകെട്ടി ജനിച്ചു നീ
യീവിശാലമാം ലോകത്തിലെന്തിനോ
നിന്റെ കുഞ്ഞിക്കഴുത്തു ഞെരിക്കുവാ
നന്നു നീണ്ടതാണക്കൈകളെങ്കിലും
അമ്മയല്ലേ കഴിയുമോ മാംസവും
രക്തവും തന്നൊരമ്മയല്ലേ  യവൾ
ലോകനീതിതൻ മുന്നിലവളൊരു
മാന്യതയുമില്ലാത്തവളെങ്കിലും
ഉണ്ടവൾക്കൊരു സ്നേഹദാഹാപ്തമാം
കണ്ണുനീരിൻ കഥ പറഞ്ഞീടുവാൻ
നീണ്ടു നീണ്ടയുഗങ്ങൾക്കു മപ്പുറം
നീണ്ടുനിൽക്കുന്ന വേദനതൻ കഥ.

ആ വയൽ വരമ്പിലൂടങ്ങനെ
കാട്ടുപൂക്കളിറുത്തു കൈക്കുമ്പിളിൽ
അന്നൊരുജ്ജ്വല ഭാവനപോലൊരു
ഗ്രാമഭംഗിയൊഴുകിയണഞ്ഞുപോൽ.
മഞ്ഞണിഞ്ഞ മലകളും മാമര
ത്തണലുമീക്കാട്ടു പൊയ്കയും, തീരവും
ചിത്രലേഖനം ചെയ്യുവാനെത്തിയ
സുപ്രസിദ്ധനാമക്കലോ പാസകൻ
വീർപ്പടാക്കിയന്നാവന കുഞ്ചക
ഭംഗിനോക്കി  ഹാ ! നിശ്ചലം നിന്നുപോയ്
നീല നീൾ മിഴിത്തുമ്പിലുടക്കിയാ
നോട്ടമാഹാ! കുനിഞ്ഞുപോയോമലാൾ
എന്നുമാവഴിത്താരയിലൂടൊരു
പൊൻകിനാവുപോൽ വന്നവൾപിന്നെയും.
സ്വപ്നസാമ്രാജ്യവാടിയിലുജ്ജ്വല
കല്പനകൾ വിരിയിച്ചുയൗവനം .
രഞ്ജുചന്ദ്രികനർത്തന ലോലയായ്
പിന്നെയും വന്നുപോയീ നിശീഥിനി.

കൊച്ചുകാനനച്ചോലയിൻ മുങ്ങിയി
ട്ടീറനായ് നിൽക്കുമ രൂപമാധുരി
ശബളസുന്ദര രേഖയാലാവിരൽ
ത്തുമ്പുമന്ദമായ് ലേഖനം ചെയ്യവേ,
വിസ്മയങ്ങളാൽ സാന്ധ്യതാരങ്ങൾപോൽ
മിന്നിമിന്നിത്തിളങ്ങിയാക്കണ്ണുകൾ .
അക്കലാസിദ്ധിമുന്നിലവളൊരു
മുഗ്ധലാവണ്യപൂർണ്ണിമമാതിരി
ഉൾപ്രചോദനമേകിയലൗകിക
സൃഷ്ടികളാവനാവിഷ്ക്കരിക്കവേ,
പാതിരാപ്പൂക്കൾ പാതിവിടർന്നൊരു
രാവിലെങ്ങോ പിരിഞ്ഞവൻ പോയിപോൽ.
പൂവണിഞ്ഞു കുരുക്കുത്തിമുല്ലകൾ
പൂവിറുത്തില്ലയോമലാളെങ്കിലും
മന്ദഹാസങ്ങൾ മാധുരി ചേർത്തൊരാ
ചുണ്ടിണ കളെന്നോർത്തില്ലയല്പവും,
കണ്ണുനീരിനാലുപ്പുചേർന്നീടുമീ
ജ്ജീവിതത്തിന്നഗാധഹ്രമങ്ങളെ

താരകങ്ങളുറങ്ങുന്ന മൂകമാം
രാവിലൊന്നിൽ നിന്നമ്മതൻ വേദന
രൂപമാർന്നെന്റെ കൊച്ചനുജത്തീ! നീ
യാഗമിച്ചുപോയ് ലോകത്തിലെന്തിനോ
എണ്ണതീർന്നു കഴിഞ്ഞൊരു കൈവള
ക്കെന്നപോലെയന്നമ്മതൻ ജീവിതം
മിന്നിമിന്നിപ്പൊലിയവേ കൺകളിൽ
കണ്ടുവോനീയാത്തീവ്രമാം വേദന!
പൂഴിമണ്ണിലുലഞ്ഞ തലമുടി
ക്കെട്ടുമായ് മരവിച്ചുകിടക്കവേ,
അമ്മതൻ മുലപ്പാലിനുവേണ്ടി നീ
യേങ്ങി യേങ്ങിക്കരഞ്ഞുവോ പിന്നെയും,
വേദനകൾ തൻ ലോകത്തിൽ വന്നൊരു
സ്നേഹദൂതികയാണവളമ്മിണി!
നിന്നെയോർത്തോർത്തു വിങ്ങിക്കരയുമാ
സ്വർഗ്ഗസീമയിൽനിന്നവളിന്നിയും.

കണ്ണുനീരിൻ നനവുപുരണ്ടനിൻ
പൂങ്കവിളിൽത്തലോടിയുറക്കുവാൻ
നിഷ്കളങ്കതേ! ശക്തമല്ലെങ്കിലും
നീളുകയാണെൻ കൈവിരൽത്തുമ്പുകൾ.

കവിത



# വാങ്മയം

വാക്കുകൾ മരിച്ചു പോകുമ്പോൾ
വേർപിരിയലിന്റെ ഗന്ധം പടരും....
സ്വപ്നങ്ങളെക്കാൾ മനോഹാരിതയുള്ള
സാഗരത്തേക്കാൾ ആഴമുള്ള
പൂവിനേക്കാൾ മൃദുലമാർന്ന
എന്തോ ഒന്ന്  ഹൃദയത്തിന്റെ മതിലുകടന്ന്
അക്ഷരങ്ങൾക്കപ്പുറം നിറഞ്ഞു തുളുമ്പി.
അതിനൊരു ഭാഷയിലും വിവർത്തനങ്ങൾ
ഉണ്ടാവില്ലയെന്നറിഞ്ഞു കൊണ്ടുതന്നെ
ചിന്തയുടെ തിരയിളക്കങ്ങളെ വെറുമൊരു
മയക്കത്തിന്റെ മാന്ത്രികതയിലൊളിച്ചു
കടത്തിയ കള്ളക്കടത്തുകാരനാകുന്നു ഞാൻ .....
കര തൊടാതെയലയുന്ന കടൽ സഞ്ചാരിയാകുമ്പോൾ
ദൂരെയൊരു വെളിച്ചക്കീറു കണ്ടേക്കാമെന്ന നിനവ്;
തൊട്ടടുത്തിരുന്ന് ഒരു വൻകരയുടെ അകലം പാലിക്കുന്നേരം
ശാന്തമായൊരു പുഴ ഇരുവരെയും തഴുകി കടന്നുപോയിരുന്നു...
ഒരേ കിനാവിന്റെ രണ്ടറ്റങ്ങളായി നമ്മൾ പാറി നടന്നിരുന്നുവല്ലേ...
അവിടമാകെ തിങ്ങിയ ശൂന്യതയുടെ ഘനം
നിമിഷ വേഗത്തിലുരുകി പടർന്നിരുന്നോ...
അദൃശ്യമായൊഴുകിയ അശ്രുവിന് മഴവില്ലിന്റെ തിളക്കം ...
എന്നിട്ടുമൊന്നും പറയാതെ നാം......
ദീർഘ യാത്രയുടെ അവസാന മുനമ്പ് മാടി വിളിക്കുമ്പോൾ
മിഴികൾ പിറകോട്ടു തന്നെ പായുന്നു.......



നന്ദിനി രാജീവ്

കഥ



# ഗോപി

നിധീഷ് പ്രേംകുമാർ

ഒരു വിഷുക്കാലം കൂടി എത്തിയിരിക്കുന്നു. മറ്റേത് ആഘോഷങ്ങളെക്കാളും കണ്ണനും അവന്റെ ഏട്ടനും വിഷു തന്നെയാണ് പ്രിയം. കണ്ണന്റെ തറവാട് തലശ്ശേരിയിലാണ്. അച്ഛന് ജോലി എറണാകുളത്താ യതിനാൽ എല്ലാവർഷവും വിഷു അവധി തറവാട്ടി ലാണ് ആഘോഷിക്കുക. ആ വർഷവും അവര് പോണു തറവാട്ടിലേക്ക്. മിക്കവാറും ഒരാഴ്ച മുന്നേയായിരിക്കും അവര് പോകാറുള്ളത്. കണ്ണനും ഏട്ടനും കാത്തിരി ക്കുന്നു ആ ദിനത്തിനായി. തീവണ്ടിയുടെ തുരുമ്പു മണക്കുന്ന ജാലക കമ്പികൾക്കിടയിലൂടെ ഇനിയൊന്നുകൂടി കാണാൻ സാധിക്കുമോ എന്നറിയാതെ നമ്മളെ കടന്നു പോകുന്ന ആയിരമാ യിരം മനുഷ്യരും കാഴ്ചകളും താണ്ടിയുള്ള യാത്ര. മയ്യഴിപ്പുഴ കടക്കുമ്പോൾ മുതൽ, ഹൃദയത്തിൽ പെരുമ്പറ മുഴങ്ങിത്തുടങ്ങും കണ്ണന്.

വർഷങ്ങൾക്കു മുൻപ് തലശ്ശേരി റെയിൽവേ സ്റ്റേഷൻ പരിസരം രാത്രികാലങ്ങളിൽ പൊതുജന സഞ്ചാരത്തിന് അനുയോജ്യമായിരുന്നില്ല. ഒരുപാടു നാടോടി സഞ്ചാരികൾ തമ്പടിച്ചിരുന്ന വൃത്തിഹീനമായ കണ്ടൽക്കാടും, പുൽനിരപ്പുമുള്ള പ്രദേശം. പാമ്പുകൾ, പട്ടികൾ, കുറുക്കന്മാർ, കീരികൾ എന്നിവരോടൊപ്പം സാമൂഹ്യവിരുദ്ധരായ കുറച്ചു മനുഷ്യരുമുള്ള അന്ധാരത്തിന്റെ ഒരു ചെറിയ പടക്കളം. ആ വഴി പിന്നിട്ടു വേണം അച്ഛനും അമ്മയും ഏട്ടനുമടങ്ങുന്ന അവന്റെ കൊച്ചു കുടുംബത്തിന് എളുപ്പത്തിൽ തറവാട്ടിലേക്കെത്താൻ. കാൽനട ദൂരമേ ഉള്ളൂവെങ്കിലും സുരക്ഷയെക്കരുതി ഓട്ടോയിലാണ് തറവാട്ടിലേക്കുള്ള യാത്ര. കൊച്ചിയിലെ ഓട്ടോറിക്ഷകൾ ഒരു കരിവണ്ടിനെപ്പോലെ കറുത്തുരുണ്ട് മൂളിപ്പായുമ്പോൾ, തലശ്ശേരി ഓട്ടോറിക്ഷകൾ തലപ്പാവുവച്ച പുയ്യാപ്ലയെപ്പോലെ തെരുവോരങ്ങൾ മംഗലപ്പുരകളാക്കുന്നതായി ആക്കുന്നതായി കണ്ണന് തോന്നാറുണ്ടായിരുന്നു.

വീട്ടിലെത്തിയ ഉടനെ കണ്ണൻ എല്ലാ മുറികളിലും കയറിയിറങ്ങി വരവറിയിക്കും. ഒമ്പതോളം മുറികളുള്ള രണ്ടുനിലയിൽ തീർത്ത വെള്ളക്കുമ്മായമടിച്ച മലബാറിന്റെ മുഖമുദ്രയായിരുന്ന തരം തറവാടായിരുന്നു കണ്ണന്റേതും. കോഴിക്കോട് മുതലാണ് അത്തരം വീടുകൾ കണ്ടു തുടങ്ങുക. മിക്കവാറും വീടുകളിൽ കോലായിൽ ട്യൂബ് ലൈറ്റും, മുറികളിൽ മഞ്ഞ ഇരു നിറമുള്ള പ്രകാശം പുറത്തു വിടാൻ പിശുക്കുള്ള ബൾബുകളും ആയിരിക്കും ഇത്തരം വീടുകൾക്ക്. വലിയ തറവാടാണ്. ഉത്സവകാലങ്ങളിൽ വീട്ടുകാരും ബന്ധുക്കളും

എല്ലാരും കൂടി അൻപതോളം വരും അംഗസംഖ്യ. സ്വാതി മൂത്തയും മക്കളും ആണ് അവിടുത്തെ സ്ഥിരക്കാർ, കൂടാതെ ലക്ഷ്മിമൂത്തയും സുജാതമൂത്തയും. ചായ്പ്പിനടിയിൽ എപ്പോഴും ഉറങ്ങുന്ന സുജാതമൂത്തയെ നോക്കാൻ കണ്ണന് ഭയമാണ്. ബാക്കിയുള്ളവർ എല്ലാം അവധിക്കാലം കഴിയുന്നതോടെ സ്വന്തം കൂടുകളിലേക്ക് ചേക്കേറും. കണ്ണൻ എത്തുമ്പോളേ തീരെ പൊടികൾ ഉറക്കത്തിന്റെ ആലസ്യത്തിലേക്ക് വീണിരുന്നു അന്ന്. താഴെ നിലയിൽ തെക്കും വടക്കും രണ്ടു നീളമുള്ള മുറികളിലാണ് കുട്ടികൾ ഉറങ്ങാറ്. തെക്കുവശത്ത് ആൺകുട്ട്യോളും, വടക്കുവശത്ത് പെൺകുട്ട്യോളും. ലക്ഷ്മി മൂത്തയാണ് ഞങ്ങളുടെ എല്ലാം തറവാട്ടിലെ അമ്മയും പോലീസും. പൊട്ടിത്തെറിക്കുന്ന ഇരുപതോളം വാനരസംഘത്തെ തളച്ചുറാക്കുക ഏറെ ശ്രമകരമായ ജോലിയാണ്. കിടന്നാലും അടക്കം പറച്ചിലുകളും, ചിരികളും, കരച്ചിലും എല്ലാം ഉണ്ടാകും കൂട്ടത്തിൽ. ആ അവസരത്തിലായിരിക്കും നമ്മുടെ കഥയുടെ കഥാനായകനായ ഗോപിയുടെ വരവ്.

കറുത്തമെലിഞ്ഞു കഷണ്ടി തലയ്ക്ക് ചുറ്റും തോരണം ചാർത്തിയ പോലെ ശുഷ്കിച്ച മുടിയിഴകൾ, ചെറിയ നെറ്റിത്തടം, നിർജീവമായ കണ്ണുകൾ, ചുണ്ടുകളുടെ ബന്ധനം മുറിച്ച് പുറമേക്ക് ചാടാൻ നിൽക്കുന്ന മുൻനിര പല്ലുകൾ, പല്ലുകളിൽ, വലിച്ചു കൂട്ടിയ ബീഡികൾ തീർത്ത ചിത്രപ്പണികൾ, മഴയത്ത് മാത്രം വെള്ളം തൊടുന്ന കറുത്ത ഷർട്ട്, അതിനോട് പൂർണമായും നീതി പുലർത്തിപ്പോന്നിരുന്ന പച്ചയിൽ കള്ളിയുള്ള ഒരു മുഷിഞ്ഞ ലുങ്കി, വേണമെങ്കിൽ വിശ്വസിച്ച കാലുകൾ സംരക്ഷിക്കാം എന്നപോലെയുള്ള രണ്ട് അയഞ്ഞ ചെരുപ്പുകൾ, പോകുന്ന വഴിക്കുള്ള വസ്തുക്കൾ പെറുക്കിക്കൂട്ടാനുള്ള ഒരു വലിയ ചാക്ക്, ഇത്രയുമായാൽ നിശബ്ദനായി തലതാഴ്ത്തി അലക്ഷ്യമായി നടന്നുനീങ്ങുന്ന ഗോപിയെ കാണാം നമുക്കും. ഗോപി റെയിൽവേയ്ക്കു അരികിൽ ജീവിക്കുന്ന നാടോടികളുടെ കൂടെയാണ് താമസം. സീസൺ കഴിഞ്ഞ് നാടോടികൾ പോയാലും ഗോപി അവിടെത്തുടരും. ഏതോ പെരുമഴക്കാലത്ത് എങ്ങുനിന്നോ അലഞ്ഞു തിരിച്ചെത്തിയവനാണ് ഗോപിയെന്നും, കൂടാരം വിട്ടകന്നപ്പോൾ മാതാപിതാക്കളിൽ നിന്നകന്നു റെയിൽവേ സ്റ്റേഷനിൽ ഒറ്റപ്പെട്ടവൻ ആണ് ഗോപി എന്നും കഥകളുണ്ട്. സത്യത്തിൽ ഗോപിക്കൊരു കുടുംബമുണ്ടോ എന്ന്, ഗോപിക്കല്ലാതെ മറ്റാർക്കും അറിയില്ലായിരുന്നു. ഗോപിക്ക് നാട്ടിലെ ഏതു കല്യാണത്തിനും, എന്ത് വിശേഷങ്ങൾക്കും കയറിച്ചെല്ലാം. ബിരിയാണി ചെമ്പ് തുറക്കുന്നതും കാത്ത് ഗോപി ദൂരെ മാറിയിരിക്കും. വയറു നിറയെ ഭക്ഷണം കഴിഞ്ഞ് ആരോടും മിണ്ടാതെ നടന്ന നീങ്ങും.

മുറിയിൽ ഉറങ്ങാൻ ചെന്ന കുരുന്നുകൾക്ക് മുമ്പിൽ തന്റെ ഭയപ്പെടുത്തുന്ന ഗോപിക്കഥകൾക്ക് തുടക്കമിട്ടു അവരുടെ കൂട്ടത്തിലെ തന്നെ മുതിർന്ന ഒരു ഏട്ടൻ ഡിങ്കു. തള്ളാണ് മൂപ്പരുടെ ഇഷ്ട വിനോദം കേൾവിക്കാർ മിഴിച്ചിരിക്കും ഓരോ തള്ളിനും. ഗോപി എന്നു കേട്ടതും കുട്ടികൾ തലകളടക്കം പുതപ്പിനുള്ളിൽ തിരുകി നിശബ്ദരായി കിടന്നു. ഡിങ്കു കഥ തുടർന്നു. നമ്മുടെ ഓട്ടോ ജംഗ്ഷന്റെ താഴത്തെ വീട്ടീന്ന് ഗോപി ഇന്നലെ ആമിനാത്താന്റെ കുട്ടിനെ എടുത്തുപോലും. പുതപ്പിനുള്ളിൽ നിന്നും എന്തിന് എന്ന ചോദ്യം ഉയർന്നു. ഇന്നലെ അത്താഴം കഴിഞ്ഞ് വാ കഴുകാതെ, കാലും മുഖവും കഴുകാതെ ആ കുട്ടി ഉറങ്ങാൻ പോയത്രേ. രാത്രി എല്ലാരും ഉറക്കംപിടിച്ചപ്പോ ആരും കേൾക്കാതെ ആരും കാണാതെ ഗോപിയെത്തി. ഗോപി നോക്കുമ്പോൾ ജിഷാൻ ഉറങ്ങുന്നുണ്ടായിരുന്നു. ജിഷാന്റെ കാലിൽ തൂക്കി തന്റെ ചാക്കിലാക്കി ഗോപി പൊട്ടൻകാവിൽ കൊണ്ടോയി. കാലുകൾ പുതപ്പിനുള്ളിൽ തന്നെ എന്ന് ഉറപ്പിച്ചു. എന്തിന് എന്ന ചോദ്യം വീണ്ടും ഉയർന്നു. കാവിനു പിന്നിലെ ആൽമരത്തിന്റെ കീഴിലെ കല്ലിൽ മലർത്ത് കിടത്തി. സൂപ്പ് ഉണ്ടാക്കാൻ കയ്യിലെ ഉളി കൊണ്ട് കണ്ണും കരളും ഹൃദയവും കുത്തിയെടുക്കാനാണത്രേ. പുതപ്പ് നിന്നും എന്നിട്ട് എന്ന് ഒരേ സ്വരത്തിൽ ചോദ്യമായിരുന്നു. പെട്ടെന്ന് കാവിൽ പൊട്ടൻ ഇറങ്ങി കൈയിലെ ചൂരൽ വടികൊണ്ട് ഗോപീനെ അടിച്ചു ഓടിച്ചുപോലും. പുതപ്പിനുള്ളിൽ നിന്നും ഒരു സമാധാനത്തിന്റെ നിശ്വാസമുയർന്നു. പക്ഷേ കണ്ണന്റെ ചങ്കിടിപ്പ് കൂടി തന്നെ നിന്നു. കാരണം കണ്ണൻ മാത്രമാണ് വായും കഴുകാതെ പല്ലും തേക്കാതെ കാലും കഴുകാതെ ഉറങ്ങാനെത്തിയത്. കണ്ണൻ പൊട്ടനെ പ്രാർത്ഥിച്ച് കണ്ണുകൾ അടച്ചു കിടന്നു. അമ്മേടടുത്തെക്ക് ഓടിയാലോ. പക്ഷേ ഇരുട്ടത്ത് സുജാതമൂത്തയെയും കടന്നു ചോന്നലൈറ്റ് ഇട്ട സ്വാമി മുറിക്ക് മുന്നിലൂടെ വേണം മേലേക്കെത്താൻ. പോകുന്ന വഴിക്ക് ഗോപി പിടിച്ച് ചാക്കിലിട്ടാലോ? അങ്ങനെ അനേകം അനേകം ചോദ്യങ്ങൾ ഉയർന്നു കണ്ണന്റെ മുന്നിൽ.

രാത്രിയുടെ അന്ത്യയാമങ്ങൾ സകല ചരാചരങ്ങളും നിദ്രയെ മാത്രം പ്രണയിക്കുന്ന നിമിഷങ്ങൾ. കണ്ണൻ മാത്രം കേട്ടു, ആരോ മരത്തിന്റെ നാലുമുറി വാതിൽ മെല്ലെ തള്ളിത്തു റക്കുന്ന ശബ്ദം. അവൻ കാതോർത്തു. ആരോ ഉണ്ട് ആ ഇരുട്ടിന്റെ മറവിൽ. പോരാതെ കോലായിലെ അരണ്ട വെളിച്ചത്തിൽ അവൻ കണ്ടു ആ നിഴൽ രൂപം. അകത്തെ ഫാനിൽ പാറിപ്പറക്കുന്ന കർട്ടൺ നീങ്ങിയപ്പോൾ അലസമായി ആടിയുലയുന്ന മുടിയോടെ കണ്ണുകൾ മിഴിച്ചു ഒരു മിന്നൽ വേഗത്തിൽ വായ കയ്യുകൊണ്ട് പൊത്തി തന്റെ കാലിൽ പിടിച്ചു തൂക്കിയെടുത്തു ചാക്കിലാക്കുന്ന ഗോപി. അവൻ ഉറക്കെ കരയണമെന്നുണ്ട്. ശബ്ദം പുറത്തേക്ക് വരുന്നില്ല. സർവ്വശക്തിയും എടുത്ത് ചാക്കിനുള്ളിൽ നിന്നും ഇറങ്ങണമെന്നുണ്ട് പക്ഷേ സാധിക്കുന്നില്ല. അവന് അവന്റെ അമ്മേനെ കാണാൻ തോന്നി. അമ്മയൊന്നു വന്നെങ്കിൽ എന്ന് അവൻ വല്ലാതെ ആശിച്ചുപോയി. ഇല്ല ആരും അവനെ രക്ഷിക്കാൻ എത്തിയില്ല. ഗോപിയുടെ ചാക്കിനുള്ളിൽ നടപ്പിന്റെ താളത്തിനൊത്ത് അവനും ഇളകിയാടി. അയാൾ ഇപ്പോൾ കാവിലേക്കുള്ള യാത്രയിൽ ആയിരിക്കുമെന്ന് അവനുറപ്പിച്ചു. ഇനിമേൽ കണ്ണില്ലാതെ കരളില്ലാതെ ഹൃദയത്തിന്റെ സ്ഥാനത്ത് ഒരു ദ്വാരവുമായി നിൽക്കുന്ന അവന്റെ രൂപം അവനെ വല്ലാതെ ഭയപ്പെടുത്തി. ഗോപി തന്നെ എത്തേണ്ടിടത്ത് എത്തിച്ചിരിക്കുന്നു. അവൻ പൊട്ടൻ ദൈവത്തെ ഉള്ളുരുകി പ്രാർത്ഥിച്ചു. ചാക്കിൽ നിന്നും ഉളിയെടുക്കുന്ന ശബ്ദം അവന്റെ ഉള്ളുലച്ചു.

കണ്ണു തുറന്നു നോക്കിയ കണ്ണൻ കാവിൽ നിന്നും വരുന്ന പൊട്ടനെ കണ്ടു. തലയിൽ കിരീടം, അതിൽ ചെമ്പരത്തി പൂവും തുളസിയിലയും ചേർത്തു കെട്ടിയ മാല ചുറ്റിയിരിക്കുന്നു. വലം കയ്യിൽ വാളും ഇടം കയ്യിൽ കോലുമായി തന്നെ കാക്കാൻ, ചോന്ന പട്ടുചുറ്റി വിടർന്നാടുന്ന വസ്ത്രം ധരിച്ചു മേലാകെ തീയിൽ കുളിച്ച ചാരവുമായി കണ്ണുകളിൽ അഗ്നിയോടെ ഗോപിക്കു നേരെ പാഞ്ഞടുത്തു. ഇടത്തെ കയ്യിൽ ചുറ്റിപ്പിടിച്ച കോലിൽ ഇടംകാലിൽ കുത്തിയുയർന്നു വട്ടത്തിൽ ചുറ്റി കറങ്ങി വലം കാലുകൊണ്ട് ഗോപിയുടെ ഇടനെഞ്ചിൽ ആഞ്ഞു ചവിട്ടി. ചവിട്ടേറ്റ ഗോപി വില്ലിൽ നിന്നും പാഞ്ഞ അസ്ത്രം കണക്കെ കാവിന്റെ തിണ്ടും കടന്നു താഴെ ചെങ്കല്ല് ചെത്തിയുണ്ടായ മഴക്കുളത്തിലേക്ക് പതിച്ചു. പൊട്ടൻ കണ്ണനു നേരെ നടന്നെടുത്തു. കണ്ണനെ വാരി കയ്യിലെടുത്ത പൊട്ടൻ അവന്റെ വിയർത്ത നെറ്റിത്തടത്തിൽ ചുടുചുംബനങ്ങൾ നൽകി തലയിൽ കൈവച്ച് അനുഗ്രഹിച്ചപ്രത്യക്ഷനായി. പൊട്ടനെ തൊഴു കൈകളോടെ കണ്ണൻ പ്രാർത്ഥിച്ച നേരം ചുറ്റും പ്രാർത്ഥനകളുടെ ശബ്ദവും, കൂടെ കുളിർമയുടെ മഴത്തുള്ളികളും. പൊടുന്നനെ കണ്ണുതുറന്നെണീറ്റ കണ്ണന് ചുറ്റും, അവന്റെ അമ്മയും മൂത്തമ്മമാരും കൂടെ മുഖത്ത് വെള്ളം തളിച്ചു ഉണർത്തുന്ന മാമനും. അവൻ വേറെതോ ലോകത്ത് നിന്ന് വന്നെന്ന പോലെ എല്ലാവരെയും നോക്കി. അമ്മ അവനോട് ചോദിക്കുന്നുണ്ട്. എന്താ കണ്ണാ പറ്റിയെ എന്റെ മോന് എന്ന്. അതിനുള്ള ഉത്തരം പറഞ്ഞത് ലക്ഷ്മിമൂത്തയാണ്. ആ ഡിങ്കു ചെക്കൻ ഇന്നലെ കഥ പറഞ്ഞു പേടിപ്പിച്ചു മോൻ വല്ല സ്വപ്നവും കണ്ടു കാണും. എന്നാലും കണ്ണൻ കണ്ട പൊട്ടൻ, പൊട്ടൻ കൊടുത്ത അനുഗ്രഹം എല്ലാം അവന് നടന്നതായി തന്നെ തോന്നി. അമ്മ പറഞ്ഞു വേഗം കുളിച്ചു വരൂ കാവിൽ പോയി തൊഴണം എന്ന്. അതും പറഞ്ഞു അമ്മ അടുക്കളയിലേക്ക് പോയി കണ്ണൻ കുളിക്കാൻ നിന്നപ്പോൾ പൊട്ടൻ തൊട്ട ചാരം അവന്റെ നെഞ്ചിൽ കണ്ടു. ഇനിയത് പൊട്ടൻ തൊട്ടത് തന്നെയോ അതോ പേടിമാറ്റാൻ മാമൻ ഭസ്മം തേച്ചതോ എന്നറിയാതെ അവൻ കുളിയിൽ മുഴുകി

അമ്മയുടെ കൈയും പിടിച്ചു കാവിലേക്ക് നടന്നു കണ്ണൻ, കൂടെ നന്ദൂട്ടിയുമുണ്ട്. നാട്ടിലെത്തിയാൽ അവൾ കണ്ണന്റെ അടുത്തൂന്നു മാറില്ല. കാവിന്റെ ചെങ്കല്ലു കെട്ടിയ അരമതിലിൽ അവൻ കണ്ട കാഴ്ച അവനെ വീണ്ടും പരിഭ്രമിപ്പിച്ചു. തന്റെ ചാക്കും അരികിൽ വച്ച് തലയ്ക്ക് കയ്യും വെച്ച് കാവിനെ നോക്കി എതോ സ്വപ്നത്തിൽ എന്നപോലെ ഉറങ്ങുന്നു ഗോപി. ഇനി താൻ കണ്ട സ്വപ്നം തന്നെയാകുമോ ഗോപിയും കാണുന്നതെന്ന് ആലോചിച്ച നിമിഷം ഒരു മണിനാദത്തോടെ കോവിൽ വാതിൽ മലർക്കെത്തുറന്നു കേളുമൂപ്പര് പുറത്തിറങ്ങി. രാവിലെ താൻ കണ്ട വാളും കോലും മരപ്പീഠത്തിനു കാവലായി ഉണ്ടായിരുന്നു അപ്പോഴും. തിരികെ നടക്കുമ്പോൾ നിവേദ്യച്ചോറുമായി ഗോപി തന്റെ ചാക്കിനരികിലിരുന്നു കണ്ണനെ നോക്കി ഒരു ചെറുചിരിയുതിർത്തു. കണ്ണൻ അമ്മയുടെ കയ്യിലെ പിടിയൊന്നുമുറുക്കി ഗോപിയെ നോക്കി പുഞ്ചിരി തൂകി തറവാട്ടിലേക്ക് തിരികെ പോയി.


SINCE 1958 Enhancing Food Experience
HOUSE BRAND
HOUSE BRAND
ENHANCING FOOD EXPERIENCE
SINCE 1958
HOUSE BRAND
BATTER MIX AVAILABLE
IN 1KG & 5KG PACK
NET WT: 1KG
250g FREE
CRISPY
DOSA&VADA
SOFT
IDLY
HOUSE BRAND
ENHANCING FOOD EXPERIENCE
Idly Dosa Batter
Ready to use wet batter mix
இட்லி தோசை மாவு
Net Wt.: 1.25KG
Idly Dosa Batter
Ready to use wet batter mix
இட்லி தோசை மாவு
Net Wt.: 5KG
Vada Batter
Ready to use wet batter mix
வடை மாவு
Net Wt.: 500G
Ragi Dosa Batter
Ready to use wet batter mix
Net Wt.: 1KG
K.N.P Trading Private Limited
in association with
Suriya Trading Enterprises (S) Pte. Ltd
50 Senoko Drive, Singapore 758232
Tel: 62573712 | www.knp-housebrand.com
HALAL SINGAPORE
Chicken Curry MASALA
FRESH ATTA
MEDHU VADAI
Chicken Biryani MASALA
RASAM
Idly Dosa Batter
HOUSE BRAND
PALAKKADAN MATTA RICE (BROWN RICE)
GHEE
READY TO COOK \ IDLI - DOSA BATTER \ SPICES \ RICE \ FLOURS \ DHALS AND BEANS \ INSTANT MIXES \ GROUND SPICES \ DRY FRUITS

കവിത



# മാമോദീസ

‘മതമില്ല, ജാതിയില്ല
ഞാൻ മനുഷ്യനാണു‘
പ്രസംഗിച്ച ശേഷം
പോകും വഴി  ഒരു ഫോൺകാൾ
‘ ഒരു വിരുന്നുകാരൻ വന്നു
ഒരൂണു വാങ്ങി വരണേ, കൂട്ടത്തിൽ ഫ്രൂട്ട്സാലഡും‘
ഭാര്യയുടെ ഓർഡർ.
ഉച്ചയൂണിൻ സമയം തെറ്റി
ഉച്ച ഭക്ഷണം വാങ്ങാൻ
ഒരു ഹോട്ടലിലെത്തി,
ഓർഡർ നൽകി
ഒരൂണു പാർസ്സൽ, ഒരു ഫ്രൂട്ട്സാലഡും.
അടുക്കളഭരണകർത്താക്കൾ
മൊഴിഞ്ഞതും കേട്ട്
ഓർഡറെടുക്കും പയ്യൻ പറഞ്ഞു
സർ, അടപ്രഥമൻ എടുക്കട്ടെ,
ഫ്രൂട്ട്സാലഡ് തീർന്നു.
മതമില്ലാത്ത ആ മനുഷ്യൻ
മദത്തോടെ പറഞ്ഞു
‘അടപ്രഥമൻ ഹിന്ദുക്കൾക്ക് കൊടുക്കൂ,
ഞങ്ങൾ ക്രിസ്ത്യാനികൾക്ക്
ഫ്രൂട്ട് സാലഡ് മതി‘.
അടുക്കളയിൽ
വർഗ്ഗീയമാമോദീസ മുക്കിയ
കഥയറിയാതെ അടപ്രഥമൻ
ഉരുളിയിലും
ഫ്രൂട്ട് സാലഡ് പാക്കറ്റിലും.
ആ നേരത്തോ
ഒട്ടുമേ മതമില്ലാത്ത, ജാതിയില്ലാത്ത
അയാൾ
അതും വാങ്ങി നടന്നു
നാളെ ഞെളിഞ്ഞ് നിൽക്കേണ്ടുന്ന
മതേതരത്വ വേദിയിലേക്ക്..!



സോയ നായർ

കവിത



# ബാക്കിയാകുന്നവർ

നിശ്ചലമായത് നിന്റെ ഹൃദയം,
നിലയ്ക്കാതെ വിറയ്ക്കുന്നത് എന്റേതും.
അടഞ്ഞത് നിന്റെ മിഴികൾ,
ഇരുട്ടിലായത് എന്റെ വഴികൾ!


നീ കടന്നത് വേദനയുടെ അതിർത്തി,
ഞാൻ ചുമക്കുന്നത് ഓർമ്മയുടെ വേദന.
നീ പൂകിയത് ശൂന്യതയിൽ,
ഞാൻ വീണത് ഏകാന്തതയിൽ!

ചിതയിൽ വെന്തത് ജഡമല്ല,
എരിഞ്ഞടങ്ങുന്നത് എന്റെ മനം.
നിനക്കത് വെറുമൊരു 'പൂർണ്ണവിരാമം',
എനിക്കോ, ഉത്തരമില്ലാത്ത 'ചോദ്യചിഹ്നം'!

നിനക്ക് ലഭിച്ചത് നിത്യശാന്തി,
എനിക്കുള്ളതോ തീരാത്ത അശാന്തി.
പെരുമഴയത്ത് നീ നനയുന്നില്ല,
കുടയില്ലാതെ ഉഴലുന്നത് ഞാനാണല്ലോ!

കണ്ണുനീർ വീഴുന്നത് നിന്റെ കവിളിലല്ല,
അത് പൊള്ളിക്കുന്നത് എന്റെ ഉള്ളാണ്.
നിനക്കത് മോചനത്തിന്റെ വാതിൽ,
എനിക്കോ എന്നേക്കുമായി അടഞ്ഞ തടവറ!

മരണം മരിച്ചവന്റേതല്ല,
അത് ജീവിച്ചിരിക്കുന്നവന്റേതാണ്.
യഥാർത്ഥ ശവകുടീരം മണ്ണിലല്ല,
ബാക്കിയായവരുടെ മനസ്സിലാണ്





ഡോ ഇന്ദുലാൽ ജി

അടുക്കള

# Simple ALOO PRATA



Mridula Jayachandran



## Ingredients

2 boiled potatoes (medium size)
1 cup wheat flour
Water (to make a pouring batter — like dosa batter, not too thin)
1–2 green chillies
2 tbsp coriander leaves
½ tsp cumin seeds
¼ tsp turmeric
½–1 tsp salt
Ghee for cooking



## Meatball Recipe

**1. Prepare the potato mix**
Mash the 2 boiled potatoes smoothly.
Mix in:
Green chilli
Coriander
Cumin
Turmeric
Salt

**2. Make the batter**
Add 1 cup wheat flour to a bowl.
Add water slowly and whisk to make a smooth, lump-free pouring batter (like thick dosa batter).

**3. Combine**
Add the mashed potato mixture into the batter & mix well.

**4. Cook**
Heat a pan and Pour 1 ladle of the potato-wheat batter.
Gently spread with the back of the ladle (no flattening needed — just natural spreading).
Cook on medium heat until golden.
S prinkle ghee on both side.
Flip and cook until golden brown.
Serve it with yogurt.

കവിത

# അറിവിന്റെ ക്രൂരത





രാധാകൃഷ്ണൻ എം വി

പലഭ്രാന്തുകൾ വിശ്വാസങ്ങൾ
പരിഭ്രാന്തി യിൽ പലകൂട്ടങ്ങൾ
പാടുന്നത് സർവ്വസമത്വം
ചെയ്യുന്നത് പോർവിളി
മാത്രം

നോട്ടത്തിൽ ഐക്യം തോന്നാം
കൂട്ടത്തിൽ തൻപോരിമയും
സ്വാർത്ഥതകൾ കുത്തി
നിറച്ച ബോംബിന്റെ ചിരി
രൂപങ്ങൾ
കാലത്താൽ മുങ്ങും
ചിരിയായ്
പ്രതിയായി നമ്മളു മവരിൽ

പടയോട്ടം കൊണ്ടുമെതിച്ച്
തകർക്കുന്നു നമ്മുടെ
ലോകം

ബിരുദത്താൽ അറിവു കളേറെ
പലകഴിവാൽ മികവായ്
ലോകം
ലക്ഷ്യത്തിൻ സ്വാർത്ഥത
കൊണ്ട്
ആത്മാവിൽ അജ്ഞത
മൂടി

നെയ്തു നാം വലകൾ
അനേകം
ലോകത്തെ കാണാം
വിരലിൽ
കര കടലും പിന്നെ മുകളും
കാണുന്നു കൃത്യതയോടെ

അണുബോംബുകൾ
ഈ നാടാകെ
ചുടു
കാടുകളാക്കാനല്ലെ

സംരക്ഷണ മികവുകൾ
വേണം
നിർമിതിയുടെ ശാസ്ത്രം
മികവ്

സർവത്ര മുഷ്ടിചുരുട്ടി
പോർവിളിയുടേനാശം
വേണോ

വിസ്പോടന ശാസ്ത്രം
അണുവായ്
ജീവന്റെ ചൂടുനില
മികവ്
ജീവന്നായ് രോദ നമെങ്ങും
കാണാനായ് കണ്ണുകളി ല്ലെ
ലോകത്തെ വലയി ലൊതുക്കി
ചതിക്കുന്നത് സ്വാർത്ഥത
അല്ലെ
വൈകല്യം പലവിധ
നാശം
പല ജീവികൾ ലോകമൊഴിഞ്ഞു

ഹൃദയത്തിൻ നന്മകളില്ലേ

നാശത്തിൽ നമ്മളു മുണ്ടെ
ചെയ്യുന്നത് ക്രൂര കുതന്ത്രം

പാടുന്നത് സർവ്വ സമത്വം
നെയ്യുന്നു വിഭജന വലകൾ
..അറിവിന്റെ ക്രൂരത..



# കരി



നിബിൻ കള്ളിക്കാട്

കറുത്തഭൂമിയിൽ കൽക്കരിപ്പുകയെ
പെറ്റുകൂട്ടിയാകാശത്തിന്റെ പൊള്ളുന്ന
പട്ടിണിയ്ക്കന്നം നിറച്ചുകൊണ്ട്
ചരിത്രത്തിലൂടെ മനുഷ്യവംശത്തിന്റെ
തീവണ്ടി മുന്നോട്ടൂറ്റം കുതിച്ചു,
തോട്ടിയേന്തിയ കറുത്ത കൈകളിൽ
ഉടൽവിയർപ്പഴിച്ചിട്ടു കരിനിറമുള്ള
മനുഷ്യർ കൽക്കരികോരി മറവിയിൽ
യാത്രയ്ക്കു കത്തിക്കാനിടുന്നുണ്ട് ...

മുന്നോട്ടേക്കു പോകുന്നയാത്രകൾ ,
പിന്നോട്ടുനോക്കാതെ കത്തുന്ന
ചരിത്രത്തിന്റെ പാളങ്ങളിലൂടെന്നും
ജീവനും ജീവിതവും ഞരങ്ങി ഞരങ്ങി
ജീവൻ ഞെരിഞ്ഞമരുന്നുണ്ട് ..
ജീവന്റെ യാത്രയിലൂടെയോരോ
സ്റ്റേഷനിലും യാത്രക്കാരെല്ലാം
പലപ്പോഴും മാറി വന്നു പോകുന്നുണ്ട് ...

മുന്നോട്ടേക്കു മാത്രമുള്ള വേഗതയിൽ
വിയർപ്പറ്റു കൽക്കരികുത്തി ചുട്ടു
പഴുത്തു പൊള്ളിയ കറുത്ത കൈകളെ
ചരിത്രത്തിന്റെ നിണമറ്റ കാലപാളങ്ങളിൽ
ഒരിക്കലും കാണാതെയിന്നും മുഖങ്ങളെ
കറുപ്പിൽ മൂടിയൊളിപ്പിക്കുന്നുണ്ട് ,

അറിയാതെ പോകുന്ന വംശത്തിന്റെ
തനിനിറം കറുപ്പാണെന്ന് ആരോ
ലോകത്തോടുറക്കെ വിളിച്ചുപറയുന്നു .,
ആഫ്രിക്കയിൽ നിന്നുമറിയാത്ത
യാത്രയോളം പോന്നൊരു ചോദ്യത്തിന്റെ
സ്റ്റേഷനിൽ തീവണ്ടി പിന്നെ പിടിച്ചിടുന്നു.,
സംശയത്തിന്റെ സൈറൺ മുഴങ്ങി
ചരിത്രങ്ങളുടെ തീവണ്ടി ബോഗികൾ
പിന്നിലേക്ക് കുതിക്കുമ്പോൾ
സ്മരണകളുടെ കയ്പ്പുള്ള കറുത്ത
പുകപോലും രൂപങ്ങളായി മാറി
മനുഷ്യരുടെ നിലവിളികൾ മുഴക്കുന്നു
മറവിദൂരം മുന്നിലേക്ക് കുതിയ്ക്കുന്നു.!



കവിത

# വീടില്ലാത്തൊരമ്മ

നീരുവറ്റിയ ഒരു പുഴ
കൈവരികൾ
നിറഞ്ഞൊഴുകിയ കാലത്തെ
അയവിറക്കുന്നു.

കടൽ കുടിച്ച സൂര്യൻ
ആകാശം കുടഞ്ഞ
ഒരിറ്റു മഴവില്ലിൽ
ഒരാത്മാവിനെ
കുടിയിരുത്തുന്നു.

മിടിപ്പിലൊരു സന്ധ്യ
ചുവക്കുന്നു,
ഇടനെഞ്ചിലൊരാഴം
മുറിവേറ്റ് പിടയുന്നു.

ചിതലുതിന്നുന്ന
ഓർമ്മകളിലൊരു
നോവിൻറെ ഭൂപടം
അനാഥമാകുന്നു.

കറുത്ത നട്ടുച്ചകൾ
വേദന തിന്നുന്ന
വിശപ്പിൻറെ
ആഴമോതുന്നു.

ആലിംഗനങ്ങളിൽ
പടർന്ന വിരലുകൾ
മദ്ധ്യാഹ്നത്തിൻറെ
വേരുകളറ്റു പിടയുന്നു.

ഇരുട്ടിൻറെ
നീളൻ ഭിത്തിയിൽ
നിറം വറ്റിയ
ഒരു വസന്തം തേങ്ങുന്നു.

സ്വപ്നങ്ങളുടെ
ആഴമുള്ള ചതുപ്പിൽ
പുലർച്ചകളുടെ
 കണ്ണീരിറ്റി
ചുവന്നു പോകുന്നു.

ഒറ്റയായിപ്പോകുന്ന
വിജനവീഥികളിൽ
കനമേറിയ ഒരു മൗനം
സിരകളിൽ പടർന്ന്!
നിഴലുകളെ
കാർന്നു തിന്നുന്നു.

ചുവന്നൊരുൾക്കടൽ
പിൻവിളികളില്ലാത്ത
തണുത്ത തിരമാലകളെ
നീരുവറ്റിയ കരയിൽ
ഉപാധികളില്ലാതെ
ഉപേക്ഷിക്കുന്നു.

മൂടൽമഞ്ഞിലൊരു വീട്
പൂമ്പാറ്റകളായി
ചിന്തകളിൽ
വട്ടമിട്ടു പറക്കുന്നു.

ഉമ്മറപ്പടിയിലൊരു നന്മ
ഈറൻ കാറ്റിന്
കെടുത്തനാകാത്ത
നിലവിളക്കിനു മുന്നിൽ
നിഴലായ് മാറുന്നു.

തിരിച്ചു വരാത്തൊരു ബാല്യം
സങ്കടങ്ങളുടെ
പെരുമഴയിലേയ്ക്ക്
ഇറങ്ങി നടക്കുന്നു.

ആകാശം പരക്കുന്ന
ചോദ്യങ്ങൾക്ക്
ഭൂമിയോളം കനമുള്ള
ഉത്തരങ്ങൾ ജനിക്കുന്നു.

ഇയ്യാംപാറ്റകളുടെ
ചിറകുള്ള സ്നേഹം
കറുത്ത ഹൃദയങ്ങളിൽ
നുരഞ്ഞു പൊന്തുന്നു.

ദ്രംഷ്ടകൾ മറച്ച
ഓരോ ചിരികളും
വാക്കിൻറെ കൈപ്പിടിച്ച്
ഇരുളു പൂക്കുന്ന
ഇടവഴികളിൽ
അസ്തമിക്കുന്നു.

വേരറ്റത്തെ
ഉമ്മ വെയ്ക്കുന്ന
ഓരോ മഴകളും
ധ്യാനത്തിലവസാനം
കനലുകളെ
പെറ്റുകൂട്ടുന്നു.

കണ്ണീരിൻറെ
തപസ്സിലേയ്ക്ക്
ഓരോ നിഴലുകളും
ഉരുൾപൊട്ടലുകളായി
രൂപാന്തരപ്പെടുന്നു.

അനിഷ്ടത്തിൻറെ
സമാന്തരേഖകൾ
കുന്നിറങ്ങിച്ചെന്ന്
കടലിനെ
ആലിംഗനം ചെയ്യുന്നു.

വഴികളിൽ
ചിത്തഭ്രത്തിൻറെ
കള്ളിമുള്ളുകൾപാകി
ആത്മഹത്യാമുനമ്പു വരെ
ആനയിക്കുന്നു.

ഊഷരതയുടെ
കറുത്ത പക്ഷങ്ങളിൽ
സമാന്തര രേഖകൾ
കണ്ടുമുട്ടുന്നു.

തീമഴ പെയ്യുന്ന
മരുഭൂവിലൂടെ
ആരോ തലകീഴായി
നടന്നകലുന്നു.

അനാഥമായ
ദിവാസ്വപ്നങ്ങൾക്ക് മുന്നിൽ
കാത്തിരിപ്പിൻറെ
മോഹവാതിലുകൾ
ഉരുകിയൊലിക്കുന്നു

അമ്മയെന്ന
അർദ്ധവിരാമത്തിൻറെ
രണ്ടറ്റങ്ങൾ
ഉള്ളു പിടഞ്ഞ
പ്രാർത്ഥനകളോടെ
ഒരു പിൻവിളിക്കായി
കണ്ണേറുകൊള്ളാതെ
കാത്തിരിക്കുന്നു.



അലി പൊന്നാനി

# THANKS

MIS

Singapore Malayalees

The place where Malayalees in Singapore Stay Connected

www.sgmalayalees.com